**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചവർക്ക് ഉപരിപഠനത്തിന് ആവശ്യമായ പ്ലസ് വൺ സീറ്റുകൾ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഒരു ജില്ലയിലും പ്ലസ് വൺ സീറ്റുകളുടെ ലഭ്യത കുറവില്ല. |
| (ബി) | മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി പ്രവേശനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് കൊണ്ടുമാത്രം സാധിക്കില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 2011 അധ്യയന വർഷം മുതലുള്ള പ്രവേശന തോതും ഓരോ വർഷവും എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തേയും അടിസ്ഥാനപ്പെടുത്തി പരിശോധിച്ചാണ് ഓരോ വർഷത്തേയും പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ അനുവദിക്കുന്നത്. |
| (സി) | ബാച്ചുകൾ വർദ്ധിപ്പിക്കാതെ എല്ലാ വർഷവും സീറ്റുകളുടെ എണ്ണം മാത്രം വർദ്ധിപ്പിക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ? | (സി) | സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം ആവശ്യമുള്ളിടത്ത് അധിക താൽക്കാലിക ബാച്ചുകളും അനുവദിക്കുന്നതിനാൽ പഠന നിലവാരത്തെ ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ